# കുപ്രചരണങ്ങളുമായി ഡീസൽ വാഹനങ്ങൾ

**ലതാ നായർ ബോംബെ**

ഡൽഹിയിൽ വാഹനങ്ങൾ മൂലമുണ്ടാകുന്ന അതീവ ഗുരുതരമായ ഭവിഷ്യത്തുകൾ മനസ്സിലായി സുപ്രീം കോടതി, ഡൽഹിയിലോടുന്ന എല്ലാ ഡീസൽ ബസ്സുകളും 2001 ഏപ്രിൽ ഒന്നിനു മുമ്പേ വാതക ഇന്ധനം ഉപയോഗിച്ചോ ഡീസൽ അല്ലാത്ത മറ്റേതെങ്കിലും ശുദ്ധ ഇന്ധനങ്ങൾ ഉപയോഗിച്ചോ ഓടിക്കാനുതകുന്ന വിധത്തിൽ മാറ്റിയെടുക്കാൻ ഉത്തരവിട്ടിരിക്കുകയാണ്.

എട്ട് വർഷത്തേക്കാൾ കൂടുതൽ പഴക്കമുള്ള എല്ലാ ബസ്സുകളിലെയും ഡീസൽ എഞ്ചിനുകൾ 2000 ഏപ്രിൽ 1ന് മുമ്പായും ബാക്കി മൊത്തം ബസ്സുകൾ 2001 ഏപ്രിൽ 1ന് മുമ്പായും ഡീസൽ അല്ലാത്ത ഇന്ധനം ഉപയോഗിച്ചോടിക്കുന്നവയാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഡൽഹിയിലിപ്പോൾ 7000 ബസ്സുകളാണ് ഗതാഗതത്തിനു പ്രയോഗിക്കുന്നത്.

ഡീസൽ എഞ്ചിനുകൾ നവീകരിക്കപ്പെടുംതോറും അവ കൂടുതൽ അപകടകരമാം വിധത്തിൽ സൂക്ഷ്മങ്ങളായ, അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന കണികകളെ പുറത്തുവിടുന്നവയായി തീരുന്നു. 1988ലെ ഡീസൽ എഞ്ചിൻ മോഡൽ പുറത്തുവിടുന്ന സൂക്ഷ്മകണികകളുടെ എണ്ണം 25 മടങ്ങ് കൂടുതലാണെന്ന് അമേരിക്കയിലെ ഹെൽത്ത് എഫക്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം വെളിപ്പെടുത്തുന്നുണ്ട്. പെട്രോൾ എഞ്ചിനുകൾ നവീകരിക്കപ്പെടുംതോറും അവ പുറത്തു വിടുന്ന സൂക്ഷ്മകണികകളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. പക്ഷേ, ഡീസൽ എഞ്ചിനുകളുടെ കാര്യത്തിൽ എഞ്ചിൻ മേന്മ കൂടുംതോറും കണികകളുടെ വലുപ്പം കുറയുകയും എണ്ണം കൂടുകയും ചെയ്യുന്നു എന്ന ദുരന്തഫലമാണ് സംഭവിക്കുന്നത്.

ഡീസൽ എഞ്ചിനുകളുടെ ഈ ദോഷം മനസ്സിലായതോടെ വികസിത രാജ്യങ്ങൾ ഓരോന്നായി ഡീസൽ വാഹനങ്ങൾ ഉപയോഗിക്കുന്നത് ചുരുക്കിക്കൊണ്ടുവരുന്നതിനുള്ള നടപടികളെടുത്തു തുടങ്ങി. ഇന്ത്യയിൽ അത്തരം നിയമങ്ങളൊന്നുമില്ല എന്നതും ഡീസലിന്റെയും പെട്രോളിന്റെയും വിലകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു എന്നതും മനസ്സിലാക്കിയ ബഹുരാഷ്ട്ര വാഹന കുത്തകകൾ തങ്ങളുടെ ഡീസൽ വാഹനങ്ങൾ ഇന്ത്യയിൽ വ്യാപകമായി പ്രചരിപ്പിക്കാൻ ശ്രമിച്ചു തുടങ്ങിയിരിക്കുകയാണ്.




'ആപേ' എന്ന പേരിൽ 'പിയാഗിയോ ഗ്രീവ്സ് വെഹിക്കിൾസ് ലിമിറ്റഡ്' ഇന്ത്യയിൽ പുറത്തിറക്കിയ മുച്ചക്രവാഹനങ്ങൾ തന്നെ ഒടുവിലത്തെ ഉദാഹരണം. ഹിന്ദി സിനിമാതാരം ഊർമിള മണ്ഡോദ്കർ കഴിഞ്ഞ മാസമാണ് 'ആപേ' വിപണിക്കു പരിചയപ്പെടുത്തിയത്. സെപ്റ്റംബർ ആദ്യവാരം തന്നെ മലയാള പത്രങ്ങളിലും 'ആപേ'യുടെ പരസ്യങ്ങൾ വന്നു തുടങ്ങി.

ഡീസൽ വാഹനങ്ങൾക്കെതിരെ പരിസ്ഥിതി സംരക്ഷണ പ്രവർത്തകർ നടത്തുന്ന പ്രചാരണം മൂലം 'ആംപേ'യെ 'പ്രകൃതി മിത്രമായ ആംപേ' എന്നു വിശേഷിപ്പിക്കുന്ന പരസ്യങ്ങളുമായാണ് കമ്പനി രംഗത്തെത്തിയിരിക്കുന്നത്. പക്ഷേ 'ആംപേ' എങ്ങിനെയാണ് പ്രകൃതി മിത്രമാകുന്നത് എന്ന് പരസ്യങ്ങളിലൊന്നും വിശദീകരിക്കുന്നില്ല താനും.

ഡീസൽ വാഹനങ്ങളുടെ താൽക്കാലിക സാമ്പത്തിക നേട്ടങ്ങൾ മാത്രം നോക്കുന്ന സാധാരണക്കാരൻ പുതിയ ഡീസൽ വാഹന പ്രളയത്തിൽ തീർച്ചയായും പെട്ടുപോയതു തന്നെ. ഡീസൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പൊതുജനത്തെ ബോധവാൻമാരാക്കുന്ന പ്രചാരണങ്ങൾ ധാരാളമായി ഉണ്ടാകേണ്ടതുണ്ട്.